നടത്തിവന്നിരുന്ന ഹരിജൻ ഹോസ്റ്റലുകൾ നിർത്തലാക്കി. എന്നാൽ അവരുടെ താമസച്ചിലവിനായി സ്റ്റയിപ്പൻഡ് നൽകിവരുന്നുണ്ട്.

മെഡിക്കൽ കോളേജ് പ്രവേശനം

*൪൨൨. (ഒന്ന) ശ്രീ. എസ്സ്. ശിവരാമനാചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) മെഡിക്കൽ കോളേജ് പ്രവേശനത്തിൽ ന്യൂനപക്ഷസമുദായങ്ങൾക്ക് പ്രാതിനിധ്യം അനുവദിക്കുന്നതിലേക്ക് മെമ്മോറാണ്ടങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ബഹുമാനപ്പെട്ട ഗവൺമെൻറ് അതിന്മേൽ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ഉണ്ട്.

(ബി) തൽഫലമായി പിന്നോക്കസമുദായങ്ങൾക്കും പട്ടികജാതിക്കാർക്കും സംവരണം ചെയ്തിരുന്ന ൪ സീറ്റുകൾക്കു പുറമെ സാമൂഹ്യവും വിദ്യാഭ്യാസപരവുമായി പിന്നോക്കമായ സമുദായങ്ങൾക്കു ൧൫ സീറ്റുകൾകൂടെ സംവരണം ചെയ്തു.

പിന്നോക്കസമുദായങ്ങൾക്കു ആനുകൂല്യം

*൪൨൩. (൫൬) ശ്രീ. പി. ചാക്കോ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ.—

ഇൻഡ്യൻ ഭരണഘടനയിലെ വ്യവസ്ഥയനുസരിച്ച് പിന്നോക്കസമുദായങ്ങൾക്ക് ആനുകൂല്യങ്ങൾ (State aid and facilities) നൽകുന്നതിനെ സംബന്ധിച്ച് കേന്ദ്രഗവൺമെൻറിൽനിന്നും എന്തെങ്കിലും നിർദ്ദേശം ഈ ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): ഇല്ല.

ഫെറി സർവ്വീസ്

*൪൨൪. (൨൯൨) ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊല്ലം-കോട്ടയത്തുകടവിൽ യാത്രക്കാരുടേയും മറ്റും സൗകര്യത്തെ പരിഗണിച്ച് സ്റ്റീംലാഞ്ച് ഫെറിസർവ്വീസ് ഏർപ്പെടുത്തി നടത്താനുള്ള അനുവാദത്തിനു അപേക്ഷിച്ചുകൊണ്ട് കൊല്ലം മുനിസിപ്പാലിറ്റിയിൽനിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

(എ) ഉണ്ട്.

(ബി) ഈ കാര്യം ഗവൺമെൻറിൻെറ ആലോചനയിൽ ഇരിക്കയാണ്.

PUBLIC SERVICE APPLICATION FEES

*425 [67] Sri. C. V. Iyyu: Will the hon. Chief Minister be pleased to answer.—

Whether they have realised the difficulties, expenses and inconveniences of the applicants living miles off from a treasury for depositing the prescribed applica-

LIBRARY ARCHIVES Kerala Legislative Assembly

tion fees for the various posts notified by the Public Service Commission from time to time?

Chief Minister **(Sri. C. Kesavan):**

Government are aware that such applicants have to experience some inconvenience in the matter which cannot be avoided.

APPLICATION FORM FOR PUBLIC SERVICE

***426.** [68] **Sri. C. V. Iyyu:** Will the hon. Chief Minister be pleased to state.—

Whether the prescribed forms of application for applying to the Publice Service Commission are now available in all the Pakuthi Cutcheries or Village offices as the case may be as per paragraph 2 of the Government Order (Chief Secretariat, Services Section) No. S. 3-8479/51/C. S., dated 21st July 1951?

Chief Minister **(Sri. C. Kesavan):**

Necessary arrangements are being made in the matter in accordance with the directions contained in G. P. No. S. 3-8479/51/C. S., dated 21st July 1951.

CREMATION GROUND

***427** [72] **Sri. A. R. Karayalar:** Will the hon. Minister for Public Health be pleased to state.—

(*a*) whether the Government have received any representation to alter the cremation ground in the heart of the town of Shencottah on the Railway Station road; and

(*b*) if so, the steps that have been taken so far?

Chief Minister **(Sri. C. Kesavan):**

(*a*) Yes.

(*b*) The matter was referred to the Director of Public Health and the Municipal Council, Shencottah. Both were of the opinion that the site suggested in the representation was not convenient or suitable. It was therefore decided, as resolved by the Municipal Council also, that the question of shifting the cremation ground may be taken up again for consideration as soon as a suitable site is available.

Questions posted for Answer on 22nd September 1951

തൊഴിലാളികൾ

*൫൨൫. (൭) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തൊഴിലാളികളുടെ അവശതകളും തൊഴിലില്ലായ്മയും പരിഹരിക്കുന്നതിനു എന്തെല്ലാം പദ്ധതി ഗവൺമെൻറ് ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) ഇതുവരെ എത്ര തൊഴിലാളികൾക്ക് വീട് നിർമ്മിച്ചു കൊടുത്തിട്ടുണ്ട്;

(സി) വീട് വീട്ടുകൊടുക്കുന്നതു് എതെല്ലാം വ്യവസ്ഥകളനുസരിച്ചാണ്?

വ്യവസായവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞൻകുട്ടി മേനോൻ):

(എ) തൊഴിലാളികളുടെ സാമ്പത്തികവും സാമൂഹ്യവുമായ അവശതകൾ പരിഹരിക്കുവാൻ ഫാക്ടറി നിയമം, തൊഴിൽതർക്കനിയമം, അപകടപരിഹാര നിയമം, തുടങ്ങിയ നിയമങ്ങൾ നിർമ്മിച്ചു് ഭരണം നടത്തുന്നുണ്ട്. തൊഴിലില്ലാ

LIBRARY ARCHIVES Kerala Legislative Assembly